**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സംസ്ഥാനത്ത് 18 വയസ്സുവരെയുള്ള കുട്ടികൾക്ക് എല്ലാ രോഗങ്ങൾക്കും സൗജന്യമായി ചികിത്സ നൽകുന്ന 'ആരോഗ്യ കിരണം' പദ്ധതി നടപ്പിലാക്കി ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പ്**

സ.ഉ.(എം.എസ്) നം.178/2013/ആ.കു.വ. തീയതി, തിരുവനന്തപുരം, 20.05.2013.

---

പരാമർശം :- 15.05.2013 ലെ മന്ത്രിസഭാ യോഗത്തിലെ നടപടിക്കുറിപ്പുകൾ

## ഉത്തരവ്

രാജ്യത്തെ 18 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികളുടെയും ജന്മനാ ഉള്ള വൈകല്യങ്ങൾ, രോഗങ്ങൾ, കുറവുകൾ, വളർച്ചാ വികാസകുറവ് എന്നിവ കണ്ടെത്തുന്നതിലേക്കായി "രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം" എന്ന പേരിൽ ഒരു നൂതന സംരംഭം ഭാരത സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ 30 രോഗങ്ങൾക്കുള്ള രോഗനിർണ്ണയവും ചികിത്സയുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. രോഗബാധിതർക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള തുടർചികിത്സകൾ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ സൗജന്യമായി നൽകുന്നതാണ്. ഈ പദ്ധതി നിലവിലുള്ള സ്കൂൾ ആരോഗ്യ പദ്ധതിയുമായി ബന്ധപ്പെടുത്തിയാണ് നടപ്പിലാക്കുക. അംഗനവാടി കുട്ടികളെയും ഇതിൽ ഉൾപ്പെടുത്തും.

2. ഈ ആശയത്തെ വിപുലപ്പെടുത്തി രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം, കാരുണ്യ ബനവലന്റ് ഫണ്ട്, താലോലം പദ്ധതി, ക്യാൻസർ സുരക്ഷാ പദ്ധതി, ആർ.എസ്.ബി.വൈ, ചിസ് പ്ലസ് എന്നീ പദ്ധതികൾ യോജിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് എല്ലാ രോഗങ്ങൾക്കും സൗജന്യമായി ചികിത്സ നൽകുന്ന 'ആരോഗ്യ കിരണം' പദ്ധതി നടപ്പിലാക്കി ഉത്തരവാകുന്നു. സർക്കാർ ആശുപത്രികളുടെ സൗകര്യങ്ങൾ കുറവുള്ള സ്ഥലങ്ങളിൽ ഈ പദ്ധതിയുമായി സഹകരിക്കുന്നതിന് എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

3. സർക്കാർ ജീവനക്കാരുടെയും ഇൻകംടാക്സ് ഒടുക്കുന്നവരുടെയും കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

4. ഈ പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**രാജീവ് സദാനന്ദൻ**

പ്രിൻസിപ്പൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പ്
ധനകാര്യ വകുപ്പ്
സാമൂഹ്യനീതി വകുപ്പ്
റവന്യൂ വകുപ്പ്
നികുതി വകുപ്പ്
തൊഴിലും പുനരധിവാസവും വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (15.05.2013-ലെ ഇനം നം : 3582 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ